## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *243

08 .05.2017-ൽ
മറുപടിയ്ക്ക്

## റവന്യൂ വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ നടപടി

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. കെ. സി ജോസഫ്
ശ്രീ. വി. എസ്. ശിവകുമാർ
ശ്രീ. വി. പി. സജീന്ദ്രൻ

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി

(എ) റവന്യൂ വകുപ്പിൽ അഴിമതി വ്യാപകമാണെന്ന വിജിലൻസ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ ഒരു ചെറിയ വിഭാഗം അഴിമതിക്കാരാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴിമതി പൂർണ്ണമായും നിർമാർജ്ജനം ചെയ്യണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് ആവശ്യമായ നടപടികൾ നടന്നു വരികയാണ്. പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ഓഫീസ് പ്രവർത്തനം വേഗത്തിലും കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനുള്ള തീവ്ര പരിപാടി ഇതിന്റെ ഭാഗമാണ്. 'Service at finger tips' എന്ന ആധുനിക കാഴ്ചപ്പാടിന്റെ പൂർത്തീകരണത്തിലേക്ക് റവന്യൂ ഓഫീസുകൾ മാറ്റുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഇതിനുപുറമെ അഴിമതിക്ക് കാരണമാകുന്നുവെന്ന് പലപ്പോഴും ബോധ്യപ്പെട്ടിട്ടുള്ള കാലാനുസൃതമല്ലാത്ത നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ച് റവന്യൂ ഓഫീസുകളിലെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഈ ഗവൺമെന്റ് അധികാരമേറ്റ ഉടൻ ഡെപ്യൂട്ടി കളക്ടർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള മുഴുവൻ ഉദ്യോഗസ്ഥരുടെയും യോഗം റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചു ചേർക്കുകയും ഗവൺമെന്റ് നയം ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

......2)

കൂടാതെ വകുപ്പ് അഴിമതിരഹിതമാക്കുന്നതിനും സ്വജനപക്ഷപാതം, കൃത്യനിർവ്വഹണത്തിലുള്ള വിഴ്ച, കൈക്കൂലി, അമാന്യമായ പെരുമാറ്റം തുടങ്ങിയ അനഭിലഷണീയ പ്രവണതകൾ തടയുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർ കാര്യാലയങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തി വരുന്നു. ഇതോടൊപ്പം എല്ലാ ജില്ലാ കളക്ടറേറ്റിലേയും പരിശോധന സംഘത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗമായി പ്രവർത്തിച്ചു വരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ & ഓഡിറ്റ് വിഭാഗവും സബ് ഓഫീസുകളിൽ നിരന്തമായ പരിശോധന നടത്തുന്നു. മാത്രമല്ല അഴിമതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ഉന്നത ഉദ്യോഗസ്ഥർ മുതൽ മന്ത്രിയെ വരെ നേരിട്ട് അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. മന്ത്രിയെ ബന്ധപ്പെടുന്നതിനുള്ള ടെലിഫോൺ നമ്പർ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയിരുന്നു. ഇങ്ങനെ ലഭിക്കുന്ന പരാതികൾ അതാതു സമയം തന്നെ ബന്ധപ്പെട്ട തലത്തിൽ പരിഹരിക്കുന്നതിന് മന്ത്രിയുടെ ഓഫീസ് സുസജ്ജമായി പ്രവർത്തിക്കുന്നു.

(ബി) വില്ലേജ്-താലൂക്ക് ഓഫീസുകളിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുവാൻ എന്ത് നടപടിയാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) വില്ലേജ് താലൂക്ക് ഓഫീസുകളിൽ ഇടനിലക്കാരുടെ ഇടപെടൽ സർക്കാർ അനുവദിക്കുകയില്ല. എന്നാൽ, അത്തരം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ ഏകദിന മിന്നൽ പരിശോധന നടത്തുകയുണ്ടായി. ഇതേ തുടർന്ന് ഇടനിലക്കാരുടെ ഇടപെടൽ പരിപൂർണ്ണമായും ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്

(എൽ.ആർ.പി.1/44700/2016 തീയതി 14.11.2016 സർക്കുലർ)

....3)

(സി) ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്ന വകുപ്പെന്ന നിലയിൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തി വകുപ്പിനെ ജനസൗഹാർദ്ദപരമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

(സി) റവന്യൂ ഓഫീസുകൾ പൂർണ്ണമായും ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുകയാണ് ഗവൺമെന്റ് ലക്ഷ്യം. അതിന് ആവശ്യമായ നടപടികൾ പൂർത്തിയായി വരുന്നു. പ്രവർത്തനങ്ങളുടെ വേഗത കൂട്ടുന്നതിനും സുതാര്യമാക്കുന്നതിനും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ ഓഫീസ് സംവിധാനം കാലാനുസൃതമായി ആധുനിക വൽക്കരിക്കുന്നത് വഴി പരാതികൾക്ക് പരിഹാരമാകുമെന്നാണ് പ്രതീക്ഷ. ജനങ്ങ-ളോടുള്ള ജീവനക്കാരുടെ പെരുമാറ്റവും ഇടപെടലും പരാതിരഹിതവും സൗഹാർദ്ദ പരവുമാക്കുന്നതിന് തുടർച്ചയായ പരിശീലനം Institute of Land and Disaster Management -ന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ